പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4460 — 13.11.2019-ലെ മറുപടിയ്ക്ക്

## വനഭൂമിക്ക് തുല്യമായ ഇടങ്ങളെ കല്പിതവനങ്ങളായി പ്രഖ്യാപിക്കാൻ നടപടി

**ചോദ്യം**

ശ്രീ.കെ.എൻ.എ ഖാദർ
പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ
ശ്രീ.ടി. വി. ഇബ്രാഹിം
ശ്രീ. ടി.എ.അഹമ്മദ് കബീർ

**മറുപടി**

അഡ്വ. കെ.രാജു
(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വനമെന്ന് രേഖപ്പെടുത്താത്തതും എന്നാൽ വനഭൂമിക്ക് തുല്യമായി കണക്കാക്കാവുന്നതുമായ ഇടങ്ങളെ കല്പിതവനങ്ങളായി പ്രഖ്യാപിക്കണമെന്ന സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | ബഹു. സുപ്രീം കോടതിയുടെ 12/12/1996 ലെ WP(C) നമ്പർ 202/95 ലെ വിധി പ്രകാരം റിസർവ്വ് വനങ്ങളും, വനമായി സർക്കാർ റിക്കർഡുകളിൽ പ്രതിപാദിച്ചിരിക്കുന്ന വനങ്ങളുമല്ലാത്ത dictionary meaning -ൽ ഉള്ള വനഭൂമിയും വനമായി കണക്കാണ്ടതുണ്ട്. ടി സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ G.O(Rt) 15/97-F&WLD തീയ്യതി 10/01/1997, G.O(Rt) 30/97-F &WLD തീയ്യതി 24/01/1997 പ്രകാരമുള്ള ഉത്തരവുകളിലൂടെ ഇപ്രകാരമുള്ള വനഭൂമികൾ കണ്ടെത്തുന്നതിന് ഒരു വിദഗ്ധ സമിതിക്ക് രൂപം നൽകി. ടി വിദഗ്ധ സമിതി കേരളത്തിലെ സുപ്രീം കോടതി വിധി പ്രകാരമുള്ള വിവിധ തരത്തിലുള്ള വനഭൂമികൾ കണ്ടെത്തി 1997 ൽ റിപ്പോർട്ട് തയ്യാറാക്കുകയുണ്ടായി. |
| (ബി) | ഇക്കാര്യത്തിൽ സർക്കാർ സത്യവാങ്മൂലം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | വിദഗ്ധ സമിതിയുടെ റിപ്പോർട്ടാണ് സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ സത്യവാങ്മൂലത്തിനൊപ്പം ഫയൽ ചെയ്തിട്ടുള്ളത്. ടി വിദഗ്ധ സമിതി റിപ്പോർട്ടിന്റെ സംക്ഷിപ്തം അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രത്യേക സമിതിയെ നിയോഗിച്ച് സംസ്ഥാനത്ത് ഇത്തരത്തിലുള്ള ഭൂമികൾ കണ്ടെത്തുന്നതിനും ഇവയെ കല്പിതവനങ്ങളായി വിജ്ഞാപനം ചെയ്യുന്നതിനും ഉള്ള പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | പ്രത്യേക സമിതിയെ 1997 ൽ തന്നെ നിയോഗിച്ചിട്ടുള്ളതും, സമിതിയുടെ റിപ്പോർട്ട് 1997 ൽ തന്നെ തയ്യാറാക്കി സുപ്രീം കോടതിയിൽ സമർപ്പിച്ചിട്ടുള്ളതുമാണ്. സമിതി റിപ്പോർട്ടിനുശേഷം 2000 വർഷത്തിൽ Ecologically Fragile Land Ordinance ഉം തുടർന്ന് EFL Act 2003 ഉം നിലവിൽ വന്നിട്ടുള്ളതാണ്. ടി EFL Act ന്റെ സെക്ഷൻ 3 ന കീഴിൽ റിസർവ്വ് |

| | | | | |
|---|---|---|---|---|
| | | | | വനത്തിനോടും വെസ്റ്റഡ്ഫോറസ്റ്റിനോടും തുടർച്ചയായി കിടക്കുന്ന 13,912.1452 ഹെക്ടർ വനഭൂമി EFL ആയി വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. ഇപ്രകാരം വിജ്ഞാപനം ചെയ്തിരിക്കുന്ന EFL ന് 1961 ലെ കേരള വന നിയമത്തിലെ കൽപിത റിസർവ്വ് വനത്തിന്റെ legal status ഉള്ളതാണ്. 2003 ൽ കോഴിക്കോട് ജില്ലയിൽപ്പെടുന്ന 20.78 ഹെക്ടർ വള്ളിക്കുന്ന് കണ്ടൽ റിസർവ്വ് വനമായി കേരള വനനിയമത്തിലെ സെക്ഷൻ 4 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. 2006 ൽ 3200 ഹെക്ടർ സ്ഥലം കുറിഞ്ഞിമല സാങ്ച്വറിയായി 1972 ലെ വന്യജീവി (സംരക്ഷണ) നിയമ പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. 2006 ൽ 440.06 ഹെക്ടർ വാഗമൺ പ്രൊപ്പോസ്ഡ് റിസർവ്വ് ആയി 1961 ലെ കേരള വനനിയമം സെക്ഷൻ 4 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. 2007 വർഷത്തിൽ 9005.72 ഹെക്ടർ സ്ഥലം മാങ്കുളം പ്രൊപ്പോസ്ഡ് റിസർവ്വ് ആയി 1961 ലെ കേരള വനനിയമം സെക്ഷൻ 4 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്.<br>2010 വർഷത്തിൽ 17066. 49 ഏക്കർ കണ്ണൻ ദേവൻ റിസർവ്വ് ആയി കേരള വന നിയമം സെക്ഷൻ 4 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. ടി സംഗതിയിൽ കാര്യമായ പുരോഗതി കൈവരിച്ചിട്ടുണ്ടെന്ന് മേൽ പ്രസ്താവിച്ച കാര്യങ്ങളിൽ നിന്നും വ്യക്തമാണ്. കൂടാതെ, കേരള വനനിയമ പ്രകാരം " Land at the disposal of Government" മാത്രമേ റിസർവ്വ് വനമാക്കാൻ സാധിക്കുകയുള്ളൂ. ആകയാൽ കാവുകൾ പോലുള്ള സ്വകാര്യ ഉടമസ്ഥതയിലുള്ള വനങ്ങളെ കേരള വനനിയമ പ്രകാരം റിസർവ്വ് വനങ്ങളാക്കാവുന്നതല്ല. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

# CHAPTER 1

Abstracts

**1.1 Areas which are 'forests' irrespective of whether they are so notified, recognised or classified under any law, and irrespective of the ownership of the land of such forest.**

| | | | |
|---|---|---|---|
| 1. | Forest areas under the control of Forest Department | = | 11217.4208 Sq. Km |
| 2. | Forest areas under the control of other Govt. Departments | = | 64478.0000 Sq. Km |
| 3. | Forest areas under private ownership | | |
| | (i) Restored areas under Kerala Private forests (Vesting and Assignment) Act 1971) | = | 35.0000 Sq. Km |
| | (ii) Restored areas under Kannan Devan Hills (Resumption of lands) Act 1971 | = | 18.3100 Sq. Km |
| | (iii) Areas under Sacred groves | = | 2.4138 Sq. Km |
| | (iv) Areas under Mangroves (both private and public) | = | 16.7100 Sq. Km |
| | **Total** | = | **11296.3024 Sq. Km** |

**1.2 Areas which were earlier forests but stand degraded, denuded or cleared.**

| | | Area in Sq. Km |
|---|---|---|
| a. Denuded or Degraded Forest Areas | | |
| i. Open Forests (density between 10 to 40%) | = | 1881.0000 |
| ii. Diverted for non- forestry purposes after the enactment of Forests (Conservation) Act, 1980 | = | 16.6990 |
| iii. Approximate area under cardamom plantations | = | 250.0000 |
| b. Cleared Forest Areas | | |
| I. Leased areas | = | 496.4356 |
| II. Tribal Settlement | = | 289.0691 |
| III. Areas under encroachments | = | 336.0583 |
| **Total** | = | **3269.2620** |

**1.3 Areas covered by plantation trees belonging to the government and those belonging to private persons**

| | | Area in Ha. |
|---|---|---|
| a) Plantation owned by Forest Department | | |
| i. Tree plantations for timber, fuel or pulpwood | = | 207292.15 |
| ii. Other tree plantations | = | 4576.40 |
| b) Tree plantations owned by other Govt. agencies | = | 7950.12 |
| c) Tree Plantations owned by private persons | = | 9554.14 |
| **Total** | = | **229372.81** |